ആവശ്യം തൊഴിലാളി രംഗത്ത് തൊഴിലാളികളുടെ സംഘടനയുടെ എണ്ണം കുറക്കണമെന്നുള്ളതാണെങ്കിൽ ആ 15 ശതമാനമെന്നുള്ളത് ലേശം കൂടി ഉയർത്തണം. അത് 30,35 ശതമാനമാക്കിക്കൂടെ. അതിൽ കവിഞ്ഞാൽ ആ തൊഴിലാളി പ്രതിനിധികളെ കൊച്ചു കൊച്ചു സംഘങ്ങളുണ്ടാക്കി അവർക്ക് അംഗീകാരം നേടുകയും, അവരെല്ലാം പ്രാതിനിധ്യം ആവശ്യപ്പെടുകയും, അവരെല്ലാം ചർച്ചയിൽ വരുകയും ചെയ്യും. പലപ്പോഴും തൊഴിലാളി കക്ഷിക്ക് ദോഷം ചെയ്തിട്ടുള്ള ഒന്നിൽ കൂടുതൽ തൊഴിലാളികളുടെ യൂണിയനുകളുള്ള എത്രയോ സ്ഥാപനങ്ങളാണ് നമ്മുടെ മുൻപിലുണ്ട്.

ശ്രീ. എം. വി. രാഘവൻ: രാഷ്ട്രീയ പാർട്ടികളുടെ എണ്ണം കുറക്കാൻ നടപടികളും സ്വീകരിക്കാമോ? രാഷ്ട്രീയ പാർട്ടികളുടെ അടിസ്ഥാനത്തിലാണല്ലോ ട്രേയിഡു യൂണിയനുകളും സംഘടിപ്പിക്കുന്നത്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ശ്രീ. രാഘവൻ ചോദിച്ച രാഷ്ട്രീയ പാർട്ടിയുടെ എണ്ണത്തിൽ ഈ ട്രേയിഡു യൂണിയനുകളുടെ ആക്ടിൽ വ്യവസ്ഥ ചെയ്യാമോയെന്നാണ്.....

മി. സ്പീക്കർ: ബഹുമാന്പ്പെട്ട മെമ്പർ നാളെ തുടരാം.

V. സന്ദർശക ഗ്യാലറിയിൽ മുദ്രാവാക്യം മുഴക്കൽ

മി. സ്പീക്കർ: ഇന്നു രാവിലെ 10-30-ന് സന്ദർശക ഗ്യാലറിയിൽ സന്നിഹിതരായവരിൽ മൂന്നു പേർ മുദ്രാവാക്യം മുഴക്കി സഭാനടപടികളിൽക്ക് തടസം സൃഷ്ടിച്ച സംഭവം ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും ഓർക്കുമല്ലോ. വിവിധ കക്ഷികളുടെ പ്രതിനിധികളും സംബന്ധിച്ചിരുന്ന സമ്മേളനത്തിൽ അവരെ ഹാജരാക്കുകയുണ്ടായി. സഭാനടപടികളെ അലങ്കോലപ്പെടുത്താൻ ശ്രമിച്ചത് വളരെ ഗുരുതരമായ അവകാശ ലംഘനമായതുകൊണ്ട് അവരെ ഈ മാസം 25-ാം തീയതി 1-30 വരെ വെറും തടവു ശിക്ഷ നൽകണമെന്ന് യോഗം തീരുമാനിച്ചു. ഈ അവസരത്തിൽ തങ്ങളുടെ ഉത്തരവാദിത്വം വേണ്ടപോലെ മനസ്സിലാക്കി പാസുകൾ നൽകുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ഒരിക്കൽ കൂടി ഓർക്കേണ്ടതാണ്.

Minister of Health & Tourism **(Shri Vakkom Purushothaman)**: Sir, I move the following motion:

"This house resolves that persons calling themselves M. Glandston L. S. Pramod and J. Shine Kumar who shouted slogains from the Visitor's Gallery at 10.30 a. m. today August 24, 1981 and were taken into custody immediately thereafter, have committed a grave offence and are guilty of gross contempt of this House.

This House further resolves that they be sentenced to simple imprisonment till 1.30 p.m. on August 25, 1981 and be sent to the Central Prison, Trivandrum".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അവുക്കാദർകുട്ടിനഹ: ഇതുപോലുള്ള നിസ്സാര കാര്യങ്ങളെങ്കിലും മലയാളത്തിലാക്കിക്കൂടെ, മലയാളത്തിൽ വേണമെന്ന് പ്രമേയം പാസാക്കിയിരുന്നതാണ്.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് സമ്മേളിക്കുന്നതുമാണ്.

(1981 ആഗസ്റ്റ് 25-ാം തീയതി രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1-30-ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly